**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1373** **04-07-2022 - ൽ മറുപടിയ്ക്ക്**

**ഹരിപ്പാട് മണ്ഡലത്തിലെ ചേപ്പാട് കണിച്ചനല്ലൂർ ഗവ. എൽ.പി. സ്കൂളിന്റെ കെട്ടിടനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഹരിപ്പാട് മണ്ഡലത്തിലെ ചേപ്പാട് കണിച്ചനല്ലൂർ ഗവ. എൽ.പി. സ്കൂളിന്റെ കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട് പൊതു വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിന് നൽകിയിട്ടുള്ള 09.09.2020-ലെ ഡബ്ലിയു1/16000/2019/ഡി.ജി.ഇ എന്ന കത്തിന്മേൽ എന്ത് തുടർ നടപടികളാണ് സർക്കാർ തലത്തിൽ സ്വീകരിച്ചിട്ടുള്ളതെന്നും പ്രസ്തുത ഫയലിന്റെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ; | (എ) | പ്രസ്തുത കത്തിന്റെ അടിസ്ഥാനത്തിൽ കണിച്ചനെല്ലൂർ ഗവ. എൽ.പി.സ്കൂളിൽ കെട്ടിട നിർമ്മാണത്തിനുള്ള വിശദമായ പ്രൊപ്പോസൽ ലഭ്യമാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത വർക്കിന് അടിയന്തിരമായി ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ബി) | കിഫ്ബി ഫണ്ടിലുൾപ്പെടുത്തി ഒരു കോടി രൂപ വിനിയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയ ഗവ. യു.പി.സ്കൂൾ, കാർത്തികപ്പള്ളിയ്ക്ക് തീരദേശ വികസന ഫണ്ടിലുൾപ്പെടുത്തി തുക അനുവദിച്ചിട്ടുള്ളതിനാൽ, ടി സ്കൂളിന് പകരമായി കണിച്ചനെല്ലൂർ ഗവ. എൽ.പി.സ്കൂളിനെ ഒരു കോടി കിഫ്ബി ഫണ്ടിലുൾപ്പെടുത്തി ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ